## പ്രതിഫലം പറ്റുന്ന മേനേജിങ് ഡയറക്ടർ തൊഴിലാളിയാണ്

### പഞ്ചാബ്-ഹരിയാന ഹൈക്കോടതി

F.A.O. No. 448/1993 Dt. 21.5.2018

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ
x
എ.വി. ഓട്ടോ ഇൻഡസ്ട്രീസ് (പി) ലിമിറ്റഡ്

കമ്പനിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനം ഫാക്ടറീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്തതാണ്. അവിടെ പതിനെട്ട് തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. കൂടാതെ രണ്ട് ഡയറക്ടർമാർ പ്രതിമാസം രണ്ടായിരം രൂപ പ്രതിഫലം വാങ്ങുന്നുമുണ്ട്. തൊഴിലാളികളുടെ എണ്ണം ഇരുപതിൽ താഴെ ആയതിനാൽ സ്ഥാപനം ഇ.എസ്.ഐ. വിഹിതം അടച്ചിരുന്നില്ല. അങ്ങനെയിരിക്കെ ഇ.എസ്.ഐ. അധികൃതർ സംസ്ഥാനത്ത് നടത്തിയ സർവ്വേയുടെ റിപ്പോർട്ടനുസരിച്ച് കമ്പനി നടത്തുന്ന ഫാക്ടറിയിൽ ഡയറക്ടർമാരടക്കം ഇരുപത് പേർ ജോലി ചെയ്യുന്നുണ്ട് എന്ന് മനസ്സിലായി. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിനു ശേഷം സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്ന് പ്രഖ്യാപിച്ചും വിഹിതമടയ്ക്കാൻ നിർദ്ദേശിച്ചും റീജണൽ ഡയറക്ടർ ഉത്തരവിട്ടു. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. ഫാക്ടറിയിൽ പതിനെട്ടു പേർ മാത്രമേ ജോലി ചെയ്യുന്നുള്ളൂവെന്നും മേനേജിങ് ഡയറക്ടറും ഡയറക്ടറും തൊഴിലാളികളുടെ ഗണത്തിൽ ഉൾപ്പെടില്ലെന്നും സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമല്ലെന്നും മേനേജ്മെന്റ് വാദിച്ചു. മേനേജിങ് ഡയറക്ടറും ഡയറക്ടറും തൊഴിലുടമകളാണെന്നു വിലയിരുത്തിയ ഇൻഷുറൻസ് കോടതി ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് റദ്ദാക്കി. ഇതിനെതിരെ കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. പ്രതിഫലം കൈപ്പറ്റി ഫാക്ടറിക്കുവേണ്ടി ജോലി ചെയ്യുന്ന മേനേജിങ് ഡയറക്ടറും ഡയറക്ടറും ഇ.എസ്.ഐ. നിയമം സംബന്ധിച്ചിടത്തോളം തൊഴിലാളികളാണെന്നും അവരുടെ തൊഴിലുടമ ഡയറക്ടർ ബോർഡാണെന്നും വിലയിരുത്തിയ ഹൈക്കോടതി എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് റദ്ദാക്കുകയും കമ്പനി വിഹിതമടയ്ക്കണമെന്ന് ഉത്തരവിടുകയും ചെയ്തു.